# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുടാളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10 /1742/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 08/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടാളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10 /1742/2023 തീയ്യതി: 08/12/2023

## കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2023 മുതൽ 07-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ. ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 17-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2023 | 17-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രമ്യ.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പി. കെ. ഷൈമ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. എം. പ്രദീപൻ | സെക്രട്ടറി | 01-04-2022 | 16-10-2022 |
| ശ്രീമതി. സിനി. പി. പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-10-2022 | 25-10-2022 |
| ശ്രീ. സുധീർ. കെ. പി. | സെക്രട്ടറി | 26-10-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കുമാർ. എ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. വീണ. എം. | കൃഷി ഓഫീസർ | 01-04-2022 | 24-06-2022 |
| ശ്രീമതി. രേഖ. കെ. ജെ. | കൃഷി ഓഫീസർ | 25-06-2022 | 23-08-2022 |
| ശ്രീമതി. അഞ്ജു പത്മനാഭൻ | കൃഷി ഓഫീസർ | 24-08-2022 | 31-03-2023 |
| ശ്രീ. ശ്രീജിത്ത്. വി. കെ. | വി.ഇ.ഒ. കുടാളി | 01-04-2022 | 31-03-2023 |
| ശ്രീ. ബിജു. കെ. വി. | വി.ഇ.ഒ. പട്ടാന്നൂർ | 01-04-2022 | 31-03-2023 |
| ഡോ. സോന ബി നായർ | മെഡിക്കൽ ഓഫീസർ PHC | 01-04-2022 | 31-03-2023 |
| ഡോ. പ്രമോദ്. ഇ. വി. | വെറ്റിനറി സർജൻ | 01-04-2022 | 20-01-2023 |
| ഡോ. എസ്. മഗേഷ് | വെറ്റിനറി സർജൻ | 21-01-2023 | 14-02-2023 |
| ഡോ. ഐശ്വര്യ. ബി. | വെറ്റിനറി സർജൻ | 15-02-2023 | 31-03-2023 |
| ഡോ. സോജ്. ആർ. | മെഡിക്കൽ ഓഫീസർ GAD | 01-04-2022 | 31-03-2023 |
| ഡോ. സുധീർ എളമ്പിലാൻ | മെഡിക്കൽ ഓഫീസർ GHD | 01-04-2022 | 31-03-2023 |
| ശ്രീമതി. അരുൺ രേണുകാ ദേവി. കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രസാദൻ. കെ. പി. | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. ബിന്ദു സുധാകർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-06-2022 |
| ശ്രീമതി. ബീന. പി. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-07-2022 | 21-08-2022 |
| ശ്രീ. അയൂബ്. ടി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-08-2022 | 19-12-2022 |

| | | | |
|---|---|---|---|
| ശ്രീ. ബോബി. ആർ. എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-12-2022 | 31-03-2023 |
| ശ്രീ. റിജുൽ രാജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീമതി. സരിത. കെ. വി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| ശ്രീ.ദിനേശൻ പാറയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 29-04-2022 |
| ശ്രീമതി. സൌമ്യ ഫ്രാൻസിസ് | അസിസ്റ്റന്റ് സെക്രട്ടറി -ഇൻ-ചാർജ്ജ് | 30-04-2022 | 06-05-2022 |
| ശ്രീമതി. സിനി. പി. പി. | അസിസ്റ്റന്റ് സെക്രട്ടറി | 07-05-2022 | 04-11-2022 |
| ശ്രീമതി. സൌമ്യ ഫ്രാൻസിസ് | അസിസ്റ്റന്റ് സെക്രട്ടറി -ഇൻ-ചാർജ്ജ് | 05-11-2022 | 17-11-2022 |
| ശ്രീ. ശ്രീനിവാസൻ സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 18-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡെപ്പോസിറ്റ് വർക്ക്- വിവരങ്ങൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ആസ്തി, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-4 |
| 6 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | പുതുക്കിയ ബജറ്റ് | 1-2-1 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം. | 1-5 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | ഗ്രാമ സഭ | 1-10 |
| 18 | വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിലെ അപാകങ്ങൾ | 1-11 |
| 19 | മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം - സബ്സിഡി മാർഗ്ഗരേഖ, യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് നൽകിയ ₹12200 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-12 |
| 20 | കണ്ണൂർ ഫൈറ്റ് കാൻസർ – തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല ₹51389 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 21 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 22 | എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം | 1-15 |

| | | |
|---|---|---|
| | ലഭ്യമായില്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 23 | സ്മാർട്ട് ഐ-ഫേസ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 24 | യുവതി യുവാക്കൾക്ക് വോളിബോൾ പരിശീലനം-രേഖകൾ ഹാജരാക്കാത്തതിനാൽ ₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 25 | പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ -ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല ₹627000 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-18 |
| 26 | വനിതകൾക്ക് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം - യൂണിറ്റ് പ്രവർത്തനം ആരംഭിച്ചതിന്റെയും തുടർനടപടികളുടെയും വിവരം ലഭ്യമാക്കിയില്ല ₹750000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1- 19 |
| 27 | സ്വയം തൊഴിൽ യൂണിറ്റ് (വനിത)-യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചതിന്റെയും തുടർനടപടികളുടെയും വിവരം ലഭ്യമാക്കിയില്ല ₹390000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 28 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല ₹114370 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 30 | കലക്ടേഴ്സ് അറ്റ് സ്കൂൾ – 8 വേസ്റ്റ് ബിന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല. | 1-23 |
| 31 | ധാതു ലവണ മിശ്രിതം വിതരണം - അപാകങ്ങൾ | 1-24 |
| 32 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- 2020-21ൽ കരാർ വച്ച വീടുകൾ പൂർത്തീകരിച്ചിട്ടില്ല. | 1-25 |
| 33 | പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-26 |
| 34 | അസാധാരണ ചെലവുകൾ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല. | 1-27 |
| 35 | തനത് വരുമാനം- അവലോകനം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം - സബ്സിഡി മാർഗ്ഗരേഖ, യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് നൽകിയ ₹12200 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-1 |
| ഭാഗം **4** | | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കൂടാളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11-07-2023 ലെ 1/1/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 12-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൂടാളി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ
08-12-2023

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റേറ്റ്മെന്റിൽ ചേർത്ത തുകയുടെ

വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

A. Net Cash Generated By Operating Activities (-) ₹45235646

B. Net Cash Generated By Investing Activities (-) ₹8963868

C. Net Cash Generated By Financing Activities (-) ₹11643062

A+B+C = (-)₹ 17351302

Cash And Cash Equivalents At The Beginning Of The Period : ₹49276527

Cash And Cash Equivalents At The End Of The Period : ₹47586194

Net Increase/decrease In Cash And Cash Equivalents : (-) ₹1690333

## 1-1-3 ഡെപ്പോസിറ്റ് വർക്ക്- വിവരങ്ങൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നല്കിയതിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 2/23 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 2296835 | കെ എസ് ഇ ബി |

## 1-1-4 ആസ്തി, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

ആസ്തി, ഡിപ്രീസിയേഷൻ മൂല്യങ്ങൾ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഐ എൽ ജി എം എസ് ൽ നിന്നുള്ള രേഖകൾ കൃത്യമായ വിവരങ്ങൾ നല്കുന്നില്ല. വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ തുകകളെ സാധൂകരിക്കുന്ന രീതിയിലുള്ള വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യമായ പരിശോധന സാധ്യമായിട്ടില്ല.

## 1-1-5 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ 4,50,000 രൂപ മാത്രമേ ചെലവ് ചെയ്തിട്ടുള്ളൂ. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 9,00,000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-2 ബജറ്റ്

കൂടാളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 24-3-2022 ലെ 1/22 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 45285014 |
| വരവ് | 209968043 |
| ആകെ | 255253057 |
| ചെലവ് | 242155168 |
| നീക്കിയിരിപ്പ് | 13097889 |

## 1-2-1 പുതുക്കിയ ബജറ്റ്

കൂടാളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 1-3-2023 ലെ 1/23 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 41370072 |
| വരവ് | 275758380 |
| ആകെ | 317128452 |

| | |
|---|---|
| ചെലവ് | 293028650 |
| നീക്കിയിരിപ്പ് | 24099802 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 49276527 |
| വരവ് | 44108704 |
| ആകെ | 93385231 |
| ചെലവ് | 45799037 |
| നീക്കിയിരിപ്പ് | 47586194 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | 12200 |
| തടസ്സപ്പെടുത്തിയ തുക | 2329759 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20912000 | 20912000 | 20894596 | 17404 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1385000 | 1385000 | 1385000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 2893204 | 5818000 | 8711204 | 5229675 | 3481529 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | 0 | 2942668 | 2942668 | 2516447 | 426221 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (ബാങ്ക്) | 516697 | 4098049 | 4614746 | 4035062 | 579684 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (ട്രഷറി) | 0 | 224435 | 224435 | 219615 | 4820 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 9876000 | 9876000 | 7231302 | 2644698 |
| മെയിന്റനൻസ്, നോൺ റോഡ് (ACR പ്രകാരം) | 0 | 5945000 | 5945000 | 5775272 | 169728 |
| ശുചിത്വമിഷൻ | 824524 | 0 | 824524 | 137047 | 687477 |
| സർവ്വശിക്ഷ അഭിയാൻ | 2025 | 0 | 2025 | 0 | 2025 |
| എം ജി എൻ ആർ ഇ ജി എസ് | 4976 | 34093444 | 34098420 | 33609902 | 488518 |
| ഒ ഡി എഫ് | 3500 | 0 | 3500 | 0 | 3500 |
| ഐസിഡിഎസ് സൂപ്പർവൈസർ | 275977 | 1975674 | 2251651 | 332462 | 1919189 |

| | | | | | |
|---|---|---|---|---|---|
| വിമുക്തി | 3148 | 0 | 3148 | 0 | 3148 |
| സാക്ഷരത | 5501 | 193 | 5694 | 0 | 5694 |
| ഹെൽത്ത് ഗ്രാന്റ് | 0 | 500000 | 500000 | 0 | 500000 |
| ഹെൽത്ത് ഗ്രാന്റ്- കൺവേർഷൻ ഓഫ് റൂറൽ പി എച്ച് സി | 0 | 81142 | 81142 | 61003 | 20139 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 210939 | 210939 | 207585 | 3354 |
| അദർ ലയബിലിറ്റീസ് | 250 | 32016 | 32266 | 32016 | 250 |
| നഗരസഭ ഗ്രാന്റ് | 0 | 318000 | 318000 | 318000 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 207 | 114441476 | 170 | 65817725 | 44 | 37 | 61 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്കുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 39 | 32 | 13115994 | 8939901 | 68 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 1424205 | 1106944 | 78 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 69 | 46609115 | 25399524 | 54 |
| 4 | കൃഷി ഓഫീസർ | 7 | 7 | 3680626 | 3675579 | 99.9 |
| 5 | വി.ഇ.ഒ. കൂടാളി | 13 | 12 | 25756173 | 7675600 | 30 |
| 6 | വി.ഇ.ഒ. പട്ടാന്നൂർ | 7 | 6 | 4717400 | 3960302 | 84 |
| 7 | മെഡിക്കൽ ഓഫീസർ PHC | 10 | 9 | 3822637 | 3226011 | 84 |
| 8 | മെഡിക്കൽ ഓഫീസർ GAD | 1 | 1 | 700000 | 700000 | 100 |
| 9 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 200000 | 200000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 10 | വെറ്റിനറി സർജൻ | 9 | 9 | 2946052 | 2827437 | 96 |
| 11 | ICDS സൂപ്പർവൈസർ | 7 | 7 | 8991274 | 6241146 | 69 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1600000 | 1462977 | 91 |
| 13 | ഹെഡ് മാസ്റ്റർ | 7 | 4 | 738000 | 262304 | 36 |
| 14 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 140000 | 140000 | 100 |
| | ആകെ | 207 | 170 | 114441476 | 65817725 | 58 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ് /നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 4976 | 907920 | 912896 | 424378 | 488518 |
| ഗുണഭോക്താക്കൾക്കുള്ള കൂലി & മെറ്റീരിയൽ ചെലവ് | 0 | 33185524 | 33185524 | 33185524 | 0 |
| ആകെ | 4976 | 34093444 | 34098420 | 33609902 | 488518 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7849200 | 537 |
| വിധവാ പെൻഷൻ | 15085000 | 1097 |
| വാർദ്ധക്യകാല പെൻഷൻ | 30980600 | 2545 |
| ഭിന്നശേഷി പെൻഷൻ | 5530200 | 394 |
| അവിവാഹിത പെൻഷൻ | 2150200 | 152 |
| വിവാഹ ധനസഹായം | 450000 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-11-2023 ന് 3.20 Pm സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹68,507 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം

വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും 5/2022, 8/2022, 12/2022 എന്നീ മാസങ്ങളിലായി ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. ഗ്രാമസഭകളിലെ അജണ്ടകളിൻമേൽ ചർച്ച നടക്കുകയും തീരുമാനങ്ങൾ മിനട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിലെ അപാകങ്ങൾ

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ചുവടെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | കെട്ടിട ഉടമ | ഉപയോഗക്രമം | കുടിശ്ശിക ₹ | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 12/172A | വില്ലേജ് ഓഫീസ് കുടാളി | ഓഫീസ് ആവശ്യത്തിനുള്ളവ | 4360 | 2022-23 I Half മുതൽ |
| 2 | 2/359B | ഈരായി വിദ്യേഷ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 2632 | 2022-23 I Half മുതൽ |
| 3 | 2/359C | ഈരായി വിദ്യേഷ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 4534 | 2022-23 I Half മുതൽ |
| 4 | 2/466 A | ഖാദർ മുഹമ്മദ് മുസ്തഫ | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 3912 | 2022-23 I Half മുതൽ |
| 5 | 2/466 B | ഖാദർ മുഹമ്മദ് മുസ്തഫ | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 3912 | 2022-23 I Half മുതൽ |
| 6 | 2/466E | ഖാദർ മുഹമ്മദ് മുസ്തഫ | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 5269 | 2022-23 I Half മുതൽ |

| | | | | | |
|---|---|---|---|---|---|
| 7 | 3/213B | ആർ.പി.ഉസ്സൻ കുട്ടി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 9478 | 2022-23 I Half മുതൽ |
| 8 | 3/254B | അയിററാണ്ടി പുതിയപുരയിൽ അബ്ദുള്ള | പാർപ്പിടാവശ്യം | 1469 | 2022-23 I Half മുതൽ |
| 9 | 9/38 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | മൊബൈൽ ടെലഫോൺ ടവർ | 41580 | 2020-21 I Half മുതൽ |

ഇത് സംബന്ധിച്ച് 20/14-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ 9 ൽ പറഞ്ഞ സ്ഥാപനത്തിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 2 മുതൽ 8 വരെയുള്ള കെട്ടിടങ്ങളിൽ നിന്നും റവന്യൂ റിക്കവറി വഴി കുടിശ്ശിക ഈടാക്കി പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെന്നും, സഞ്ചയ സോഫ്റ്റ്വെയറിൽ പിഴപ്പലിശ സംബന്ധിച്ച അവ്യക്തത കാരണം പോസ്റ്റിംഗ് ചെയ്തിട്ടില്ലായെന്നും ആയതു സംബന്ധിച്ച് സൂചികയിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. സോഫ്റ്റ്വെയറിലെ അപാകതകൾ പരിഹരിച്ച് അക്കൗണ്ട് ചെയ്ത തുക പോസ്റ്റിംഗ് നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-12 മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം - സബ്സിഡി മാർഗ്ഗരേഖ, യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് നൽകിയ ₹12200 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |
| പ്രൊജക്ട് നമ്പർ/ പേര് | 179/23, മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം |
| അടങ്കൽ | ₹79300 വികസനഫണ്ട് - ജനറൽ<br>₹79300 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹158600 |
| ചെലവ് | ₹79300 ബിൽ നമ്പർ : 222202520095012545/26-2-2023<br>₹79300 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹158600 |

മേൽ പ്രോജക്ട് പ്രകാരം 244 ഗുണഭോക്താൾക്ക് 5 വീതം മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിന് തിരുവട്ടൂർ ഗ്രീൻ എഗ്ഗർ നഴ്സറിയുടെ ഇൻവോയ്സ് നമ്പർ 74/18-2-2023 പ്രകാരം ആകെ ₹158600 ചെലവഴിച്ചിട്ടുണ്ട്. ₹130 വിലയുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് ഗുണഭോക്താൾക്ക് വിതരണം ചെയ്തിട്ടുള്ളത്. സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28.5.22, ഖണ്ഡിക 6.3.25 പ്രകാരം 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റിന്റെ വില ₹600 ആണ്. ജില്ലാതല സാങ്കേതിക വിദഗ്ദസമിതിയുടെ 23-06-2022 തീയതിയിലെ യോഗതീരുമാനപ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റും ₹600 തന്നെയാണ്. പ്രൊജക്ട് പ്രകാരം 244 ഗുണഭോക്താക്കൾക്കായി 1220 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തപ്പോൾ യൂണിറ്റിന് ₹650 പ്രകാരം ₹12200 അധികം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 13-11-2023 ന് നൽകിയ 11 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, 120 രൂപയുടെ കോഴിക്കുഞ്ഞുങ്ങൾ നിർവ്വഹണ ഘട്ടത്തിൽ ലഭ്യമല്ലാത്തതിനെത്തുടർന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 16-9-2022 ലെ AHD/7604/202/H1 നമ്പർ ഉത്തരവ് പ്രകാരം ₹130 നിരക്കിൽ 5 കോഴിക്കുഞ്ഞുങ്ങളെ ₹650 യ്ക്ക് വിതരണം ചെയ്യുന്നും ₹600 വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകാമെന്നിരിക്കെ ഫണ്ടിന്റെ ലഭ്യതക്കുറവുള്ളതിനാൽ 50% സബ്സിഡി നിരക്കിൽ കൂടുതൽ ഗുണഭോക്താക്കളെ (244) ഉൾപ്പെടുത്തി പദ്ധതി നിർവ്വഹിക്കുകയാണ് ചെയ്തതെന്നും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചിട്ടില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് നം. ഡിഎ1/353/23 തീ. 19.10.2023 സർക്കുലർ പ്രകാരം അധിക സബ്സിഡി അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 10 രൂപയുടെ വർദ്ധനവ് ഗുണഭോക്തൃ വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യണമെന്ന് നിഷ്കർഷിച്ചിരിക്കെ വിശദീകരണം

തൃപ്തികരമല്ലാത്തതിനാൽ അധികം നൽകിയ ₹12200 യുടെ ചെലവ് അംഗീകരിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖ, യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് നൽകിയ ₹12200 കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-13 കണ്ണൂർ ഫൈറ്റ് കാൻസർ – തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല ₹51389 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 159/23 കണ്ണൂർ ഫൈറ്റ് കാൻസർ |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹51389 ബിൽ നമ്പർ : 340/22-3-2023 |

സമഗ്ര കാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി കൂടാളി ഗ്രാമ പഞ്ചായത്തിനെ കാൻസർ നിയന്ത്രിത ഗ്രാമ പഞ്ചായത്താക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പ്രോജക്ടാണ് കണ്ണൂർ ഫൈറ്റ്സ് കാൻസർ. ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും സർവ്വേ, ബോധവത്കരണ ക്ലാസ്സുകളും ക്യാമ്പും, പ്രാഥമിക സ്ക്രീനിംഗ് ക്ലിനിക് സെറ്റ് ചെയ്യൽ, സ്ക്രീനിംഗ് ടെസ്റ്റ്, എഫ് എച്ച് സി യിൽ Early Detection Clinic ആരംഭിക്കൽ, ഇതിനായുള്ള Surgical Items വാങ്ങൽ, Papsmear Samples അയക്കുന്നതിന്റെ ചെലവ് വഹിക്കൽ, തുടർ പ്രവർത്തനം മുതലായവ പ്രോജക്ട് മുഖേന നടപ്പിലാക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് ബോധവത്കരണത്തിനായി കൂടാളി ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ വിതരണം ചെയ്യുന്നതിനുള്ള ലഘുലേഖ, വിവര ശേഖരണത്തിന് ആവശ്യമായ രജിസ്റ്ററുകൾ എന്നിവ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഏഷ്യൻ ട്രേഡിംഗ് നാറാത്ത് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ഇതു പ്രകാരം 6 പേജുള്ള 4770 മൾട്ടി കളർ ബുക്ക്ലെററ്, 10 രജിസ്റ്ററുകൾ (200 പേജ്) എന്നിവ വാങ്ങിയതിന്റെ വിലയായി ₹51389 (ഇൻവോയ്സ് നമ്പർ CM 74/17-03-23) ഏഷ്യൻ ട്രേഡിംഗിന് നൽകുകയും ചെയ്തിട്ടുണ്ട്. 4770 മൾട്ടി കളർ ബുക്ക് ലെററ് വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ഇവ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. 18 വാർഡുകളിലും സർവ്വേ, ബോധവത്കരണ ക്ലാസ്സുകളും ക്യാമ്പും, പ്രാഥമിക സ്ക്രീനിംഗ് ക്ലിനിക് സെറ്റ് ചെയ്യൽ, സ്ക്രീനിംഗ് ടെസ്റ്റ്, തുടർ പ്രവർത്തനം, എഫ് എച്ച് സി യിൽ Early Detection Clinic ആരംഭിക്കൽ മുതലായ പ്രവൃത്തികൾ പദ്ധതി മുഖേന നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെങ്കിലും ഈ പ്രവൃത്തികൾ നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രോജക്ടുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 24/15-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹51389 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 22201056/26-03-2023 പ്രകാരം പെർഫോമൻസ് യൂണിറ്റ് 3 ന് ₹60000 നൽകിയിട്ടുണ്ട്. 2021-22, 2022-23 എന്നീ വർഷങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവിന് ₹10000 യും ഐ ടി കം ടെക്നിക്കൽ എക്സ്പർട്ട് വേതനത്തിന് ₹20000 യും ഉൾപ്പെടെ ഒരുവർഷം ₹30000 എന്ന കണക്കിൽ രണ്ട് വർഷത്തെ തുകയാണ് ₹60000. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 23/14-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 218/23 എ ബി സി പ്രോഗ്രാം – തുക കൈമാറൽ |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹100000 വൌച്ചർ നമ്പർ : 22200888/11-02-2023 |

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാളി ഗ്രാമ പഞ്ചായത്ത് ₹100000 കണ്ണൂർ ജില്ല പഞ്ചായത്തിന് വിഹിതമായി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ഇത് സംബന്ധിച്ച് 05/10-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 സ്മാർട്ട് ഐ-ഫേസ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 231/23 സ്മാർട്ട് ഐ ഫേസ് I |
| അടങ്കൽ | ₹177000 ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | ₹177000 ബിൽ നമ്പർ/തീയ്യതി : 196/02-02-2023 |

സ്മാർട്ട് ഐ ഫേസ് I എന്ന മേൽ പ്രോജക്ട് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സി.സി.ടി.വി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവ്വർ ഒപ്റ്റിമൈസർ എന്നിവ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹177000 നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മേൽ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് 7/10-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 യുവതീ യുവാക്കൾക്ക് വോളിബോൾ പരിശീലനം-രേഖകൾ ഹാജരാക്കാത്തതിനാൽ ₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 114/23 യുവതീ യുവാക്കൾക്ക് വോളിബോൾ പരിശീലനം |
| അടങ്കൽ | ₹60000 തനത് ഫണ്ട് |
| ചെലവ് | ₹60000 വൌച്ചർ നമ്പർ/തീയ്യതി : 22200920/22-2-2023 |

ഗ്രാമ പഞ്ചായത്തിലെ യുവതീ യുവാക്കൾക്ക് വോളിബോൾ പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, പരിശീലകനുള്ള വേതനം, റിഫ്രഷ്മെന്റ് ചാർജ്ജ് തുടങ്ങിയ ചെലവുകൾ നടത്തുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പരിശീലന പരിപാടിയിൽ പങ്കെടുത്ത യുവതീ യുവാക്കളുടെ പേര് വിവരങ്ങളും പരിശീലന കാലയളവിലെ ഹാജർ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പരിശീലനം നേടിയ ടീമുകളെ ബ്ലോക്ക് തല ചാമ്പ്യൻഷിപ്പിലും സെലക്ഷൻ ട്രയൽസിലും മറ്റ് മത്സരങ്ങളിലും പങ്കെടുപ്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. യുവാക്കൾക്ക് പരിശീലനം നൽകിയ രഞ്ചൻ ടി എന്ന കോച്ചിന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഏത് കാലയളവിലാണ് പരിശീലനം നടന്നതെന്ന് വ്യക്തമല്ല.

4. യുവതികൾക്ക് പരിശീലനം നൽകിയ പരിശീലകന്റെ ഫീസ് ₹6000 അശോക് കുമാർ ടി എന്ന വ്യക്തി കൈപ്പറ്റിയിട്ടുണ്ട്. ടിയാളുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് 1/9-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ -ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല ₹627000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 98/23 പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ |
| അടങ്കൽ | ₹141435 ധനകാര്യകമ്മീഷൻ അവാർഡ്<br>₹558565 തനത് ഫണ്ട്<br>ആകെ : ₹700000 |
| ചെലവ് | ₹141435 ബിൽ നമ്പർ : 132/09-12-2022<br>₹485565 വൌച്ചർ നമ്പർ : 22200720/23-12-2022<br>ആകെ : ₹627000 |

പഞ്ചായത്ത് ഓഫീസിലെ പവർ കട്ടിന് പരിഹാരം കാണുന്നതിനും ഓഫീസിലെ ദൈനംദിന പ്രവർത്തനം സുഖമമാക്കുന്നതിനും ജനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള മേൽ പ്രോജക്ട് പ്രകാരം ₹627000 ചെലവഴിച്ചിട്ടുണ്ട്. ആയതിന് വേണ്ടി തലശ്ശേരി പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപവിഭാഗം അസി. എക്സി. എഞ്ചിനീയറുടെ 02-12-2022 ലെ EST No. PWD. BLDG/EST/12442-6-1-1 നമ്പർ എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടത് പ്രകാരം ഗ്രാമപഞ്ചായത്ത് മട്ടന്നൂർ സബ് ട്രഷറിയിൽ 23-12-2023 ന് ₹141435 യും 24-12-2022 ന് ₹485565 യും കൂടി ആകെ ₹627000 എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചലാൻ മുഖേന ഡെപ്പോസിറ്റ് (Head Of Account 8443-00- 108-PW Deposit) ചെയ്തിട്ടുണ്ട്. ജനറേറ്റർ ലഭിച്ചതിന്റേയും തുക ഡെപ്പോസിറ്റ് തുക വിനിയോഗിച്ചതിന്റേയും വിവരം ലഭ്യമാക്കുന്നതിന് 15/13-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജനറേറ്റർ ലഭ്യമായിട്ടുണ്ടെന്നും ആയതിന്റെ അപാകതകൾ പരിഹരിക്കുന്നതിന് കണ്ണൂർ ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. തലശ്ശേരി പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുമുള്ള വിനിയോഗവിവരവും ജനറേറ്റർ പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹627000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരവും ജനറേറ്റർ പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1- 19 വനിതകൾക്ക് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം - യൂണിറ്റ് പ്രവർത്തനം ആരംഭിച്ചതിന്റെയും തുടർനടപടികളുടെയും വിവരം ലഭ്യമാക്കിയില്ല ₹750000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൂടാളി |
| പ്രോജക്ട് നമ്പർ / പേര് | 195/23<br>വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭത്തിന് ധനസഹായം (ഗ്രൂപ്പ്) |
| അടങ്കൽ | ₹750000 വികസന ഫണ്ട് - പൊതുവിഭാഗം |
| ചെലവ് | ₹750000 ബിൽ നമ്പർ : 22220252009901577728/31-3-2023 |

കൂടാളി ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 2 പേരിൽ കുറയാത്ത വനിതകൾ ഉള്ള വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഗ്രൂപ്പുകൾ ബാങ്കിൽ നിന്നും വായ്പ എടുത്ത് സംരംഭങ്ങൾ തുടങ്ങുകയും പ്രവർത്തനം ആരംഭിച്ച ശേഷം സബ്സിഡി നൽകുകയുമാണ് ചെയ്യുന്നത്. ഈ പ്രോജക്ട് പ്രകാരം 24-3-2023 ന് ബങ്കണപ്പറമ്പ് വനിതാ കൂട്ടായ്മ ഹോട്ടലിന് കേരള സംസ്ഥാന സഹകരണ ബാങ്ക് കൂടാളി ബ്രാഞ്ചിൽ നിന്നും 28-3-2023 ന് നായാട്ടുപാറ ഇ-ലോകം സേവന കേന്ദ്രം എന്ന വനിതാ ഗ്രൂപ്പിന് പട്ടാന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ₹5,00,000 വീതം ആകെ ₹10,00,000 സ്വയം തൊഴിൽ വായ്പ

അനുവദിച്ചിട്ടുണ്ട്. ബാങ്കുകൾ ഗുണഭോക്താക്കളുടെ വായ്പ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തതായി രശീത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് ₹375000 വീതം രണ്ട് വനിതാ ഗ്രൂപ്പുകൾക്കും സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ/രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങിയതിന്റെ രേഖകൾ - സംരംഭത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച എഫ് ടി ഇ & ഒ എസ് ലൈസൻസ്, കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരങ്ങൾ, വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ.

2. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തൽ റിപ്പോർട്ട്.

3. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിൽ സബ്സിഡി തുക ക്രെഡിറ്റ് ചെയ്തതിന്റെയും സംരംഭകർ വായ്പ തുക കൃത്യമായി അടവാക്കുന്നതിന്റെയും വിവരങ്ങൾ. ലോൺ അക്കൗണ്ടിന്റെ പാസ്ബുക്ക്.

4. സംരംഭങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി അവയുടെ വരവ് ചെലവ് കണക്ക്, നാളിതുവരെയുള്ള ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ.

5. നിർവ്വഹണ ഉദ്യോഗസ്ഥനും സംരംഭകരും തമ്മിൽ ഉണ്ടാക്കിയ കരാർ ഉടമ്പടി (ഇ-ലോകം സേവന കേന്ദ്രം മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് വച്ചിട്ടില്ല).

മേൽ അപാകങ്ങൾ സംബന്ധിച്ച് 29/17-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹750000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 സ്വയം തൊഴിൽ യൂണിറ്റ് (വനിത)-യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചതിന്റെയും തുടർനടപടികളുടെയും വിവരം ലഭ്യമാക്കിയില്ല ₹390000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൂടാളി |
| പ്രോജക്ട് നമ്പർ / പേര് | 196/23 സ്വയം തൊഴിൽ യൂണിറ്റ് (വനിത) |
| അടങ്കൽ | ₹450000 വികസന ഫണ്ട് - പൊതുവിഭാഗം |
| ചെലവ് | ₹120000 ബിൽ നമ്പർ : 22220252009901199708/16-2-2023<br>₹90000 ബിൽ നമ്പർ : 22220252009901327656/10-3-2023<br>₹90000 ബിൽ നമ്പർ : 22220252009901523004/28-3-2023<br>₹90000 ബിൽ നമ്പർ : 22220252009901577434/31-3-2023<br>ആകെ : ₹390000 |

കൂടാളി ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 5 വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾ ബാങ്കിൽ നിന്നും വായ്പ എടുത്ത്/സ്വയം മുതൽമുടക്കി സംരംഭങ്ങൾ തുടങ്ങുകയും പ്രവർത്തനം ആരംഭിച്ച ശേഷം സബ്സിഡി നൽകുകയാണ് ചെയ്യുന്നത്. ബാങ്കുകൾ ഗുണഭോക്താക്കളുടെ വായ്പ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തതായി രശീത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് അഞ്ച് ഗുണഭോക്താക്കൾക്കും സബ്സിഡി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡിയുടെ വിവരങ്ങളും പദ്ധതി നടപ്പിലാക്കിയതിലെ അപാകതകളും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെയും സംരംഭത്തിന്റെയും പേര് | ബാങ്ക് വായ്പ അനുവദിച്ച തീയതി | ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുക ₹ | റിമാർക്സ് |
|---|---|---|---|---|
| 1 | സെറീന പി പി<br>പശു വളർത്തൽ | വായ്പ ഇല്ല | 45000 | മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് വച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| 2 | സുബൈദ എൻ പി<br>പശു വളർത്തൽ | വായ്പ ഇല്ല | 75000 | മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് വച്ചിട്ടില്ല. |
| 3 | സബീന പി പി<br>കേറ്ററിംഗ് സർവ്വീസ് | 27-2-2023 | 90000 | സ്ഥാപനം പ്രവർത്തനം തുടങ്ങിയതി ന്റെ രേഖകൾ - സംരംഭത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച എഫ് ടി ഇ & ഒ എസ് ലൈസൻസ്, കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരങ്ങൾ, വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമായിട്ടില്ല. |
| 4 | ഷൈമ എം<br>ഹോട്ടൽ/കേറ്ററിംഗ് സർവ്വീസ് | 25-3-2023 | 90000 | സ്ഥാപനം പ്രവർത്തനം തുടങ്ങിയതി ന്റെ രേഖകൾ - സംരംഭത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച എഫ് ടി ഇ & ഒ എസ് ലൈസൻസ്, കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരങ്ങൾ, വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ. എന്നിവ ലഭ്യമായിട്ടില്ല. |
| 5 | സിന്ധു കെ<br>അഞ്ജനം ടെയ്ലറിംഗ് യൂണിറ്റ് | 28-3-2023 | 90000 | സ്ഥാപനം പ്രവർത്തനം തുടങ്ങിയതി ന്റെ രേഖകൾ - സംരംഭത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച എഫ് ടി ഇ & ഒ എസ് ലൈസൻസ്, കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരങ്ങൾ, വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ. എന്നിവ ലഭ്യമായിട്ടില്ല. |

സ്വയം തൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ, സംരംഭങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തൽ റിപ്പോർട്ട്.

2. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിൽ സബ്സിഡി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നും സംരംഭകർ വായ്പ തുക കൃത്യമായി അടവാക്കുന്നതിന്റെ വിവരം. ലോൺ അക്കൗണ്ടിന്റെ പാസ്ബുക്ക്.

3. സംരംഭങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി അവയുടെ വരവ് ചെലവ് കണക്ക്, നാളിതുവരെയുള്ള ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ.

4. നിർവ്വഹണ ഉദ്യോഗസ്ഥനും സംരംഭകരും തമ്മിൽ ഉണ്ടാക്കിയ കരാർ ഉടമ്പടി (സെറീന, സുബൈദ, സിന്ധു എന്നിവർ മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് വച്ചിട്ടില്ല).

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് 30/17-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹390000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല ₹114370 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ട് നമ്പർ / പേര് | 108/23<br>ഗവ. ഹോമിയോ ഡിസ്പെൻസറിയിലക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹2,00,000 ബിൽനമ്പർ:222202520097010795547/23-01-2023 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹2,00,000 ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പ്രഫോർമ്മ ഇൻവോയിസ് നമ്പർ/തീയ്യതി | ഹോംകോയ്ക്ക് നൽകിയ തുക | ഇൻവോയിസ് നമ്പർ /തീയ്യതി | ലഭിച്ച മരുന്നിന്റെ വില |
|---|---|---|---|---|
| 1 | 13D29/2022-23 /17-11-2022 | 200000 | LF-940/23-24 /09-08-23 | 85630 |
| | ആകെ | 200,000 | | 85630 |

₹85630 യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹114370 (200000-85630) യുടെ മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 25/15-11-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട് എന്ന് മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. മരുന്ന് ലഭ്യമാകാത്തതിനാൽ ₹114370 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ₹114370 യുടെ മരുന്ന് ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 169/23, പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | ₹625000 വികസന ഫണ്ട് – പൊതുവിഭാഗം<br>₹625000 മറ്റുള്ളവ<br>ആകെ : ₹1250000 |
| ചെലവ് | ₹625000 ബിൽ നമ്പർ : 228/18-2-2023 |

ഗ്രാമ പഞ്ചായത്തിലെ 50 ക്ഷീര കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെയോ ആദ്യ പ്രസവം വരെയോ കാലിത്തീറ്റ നൽകുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹625000 കണ്ണൂർ ജില്ലാ എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ 50 പേരും പദ്ധതിയിൽ തുടരുന്നുണ്ടോയെന്നും നൽകിയ തുകയുടെ 2022-23 ലെ വിനിയോഗം സംബന്ധിച്ചും വിവരം ലഭ്യമാക്കുന്നതിന് 13/13-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 കലക്ക്ടേഴ്സ് അറ്റ് സ്കൂൾ – 8 വേസ്റ്റ് ബിന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുടാളി |
| പ്രോജക്ട് നമ്പർ / പേര് | 68/23 കലക്ക്ടേഴ്സ് അറ്റ് സ്കൂൾ |
| അടങ്കൽ | ₹381600 മറ്റുള്ളവ<br>(Contribution For Join Venture Projects –<br>From Municipal Corporation) |
| ചെലവ് | ₹318000 വൗച്ചർ നമ്പർ : 222041111/31-3-2023 |

മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനായി കുടാളി ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ വേസ്റ്റ് ബിന്നുകൾ വിതരണം

ചെയ്യുന്നതിനാണ് (ഓരോ സ്കൂളിനും വ്യത്യസ്ത കളറിലുള്ള 4 ബിന്നുകൾ വീതം) മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. വേസ്റ്റ് ബിന്നുകൾ ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഏഷ്യൻ ട്രേഡിംഗ്, നാറാത്ത് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇൻവോയ്സ് നമ്പർ CM 15/4-1-2023 പ്രകാരം ഏഷ്യൻ ട്രേഡിംഗ് 60 ബിന്നുകൾ ലഭ്യമാക്കുകയും ആയതിന് ₹318000 നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ പേജ് 164 ൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടെങ്കിലും ആകെ എത്രയെണ്ണം ലഭിച്ചു എന്ന് ചേർത്തിട്ടില്ല.

2. ഇൻവോയ്സ് പ്രകാരം 60 ബിന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിലും 13 സ്കൂളുകളുടെ കൈപ്പറ്റ് വിവരങ്ങൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. രണ്ട് സ്കൂളുകൾ ബിന്നുകൾ കൈപ്പറ്റിയതിന്റെ രേഖകൾ (8 എണ്ണം) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 ധാതു ലവണ മിശ്രിതം വിതരണം - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രൊജക്ട് നമ്പർ / പേര് | 190/23 ധാതു ലവണ മിശ്രിതം വിതരണം |
| അടങ്കൽ | ₹50500 മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ചെലവ് /തിയതി | ₹50449 ബിൽ നമ്പർ : 2222025200950125 4526/26-2-2023 |

ക്ഷീര കർഷകർക്ക് കറവപ്പശു ഒന്നിന് 3 പാക്കറ്റ് വീതം ധാതുലവണ മിശ്രിതവും 1 യൂണിറ്റ് വിരമരുന്നും 100% സബ്സിഡിയോടെ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ടിൽ കേരളാ ഫീഡ്സ് ലിമിറ്റഡിൽ നിന്നും 303 പേക്കറ്റ് (പർച്ചേസ് ഓർഡർ പ്രകാരം) ധാതു ലവണങ്ങൾ (കേരാമിൻ ഓർഗാനിക് @₹150) വാങ്ങിയ വകയിൽ മേല്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് ₹45450 കേരള ഫീഡ്സിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 303 പേക്കറ്റ് കേരാമിൻ ഓർഗാനിക് വാങ്ങിയതുമായി ബന്ധപ്പെട്ട് കേരളാ ഫീഡ്സുമായി കരാർ ചമച്ചിട്ടില്ല.

2. കേരള ഫീഡ്സ് ജൂനിയർ ഓഫീസർ, മാർക്കറ്റിംഗിന്റെ 1.11.2022 ലെ KFL/KKD/86/2018 നമ്പർ കത്തിലെ ക്രമ നമ്പർ 5 ഖണ്ഡിക പ്രകാരം ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ധാതു മിശ്രിതം ഓർഗാനിക് പായ്ക്കറ്റ് ഒന്നിന് ₹10 നിരക്കിൽ കൈകാര്യ ചെലവ് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ തുക ധാതുലവണ മിശ്രിതത്തിന്റെ വിതരണ പദ്ധതി പൂർത്തീകരിച്ച് മേൽ സൂചിപ്പിച്ച നിരക്ക് പ്രകാരം ധാതുലവണ മിശ്രിതത്തിന്റെ വില പൂർണ്ണമായും കമ്പനിയിൽ ലഭിച്ചതിനു ശേഷം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുക എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിലൊരു തുക ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

3. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി 13-11-2023 ന് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേല്പറഞ്ഞ അപാകങ്ങൾ പരിഹരിച്ചിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന നിർമ്മാണ പദ്ധതി- 2020-21ൽ കരാർ വച്ച വീടുകൾ പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൂടാളി

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു അനുവദിച്ച തീയതി | നാളിതുവരെ അനുവദിച്ച തുക ₹ |
|---|---|---|---|
| 1 | രാധ (അഡീഷണൽ ലിസ്റ്റ്) | 18-2-2021 | 300000 |
| 2 | അഗതി രഹിത കേരളം ഭവന നിർമ്മാണം, ആശ്രയ ലിസ്റ്റ്, പാണലാട് എ ഡി എസ് -ഗുണഭോക്താവ് സാഹിത എ പി | 18-12-2021 | 320000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതിവിവരം അറിയിക്കുന്നതിനായി 17-11-2023 ന് നൽകിയ 31-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-26 പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം എന്ന പദ്ധതിയുടെ ഭാഗമായി 110 ടാപ്പുകളുടെ വെള്ളക്കരമായി തൻവർഷം ₹797486 വാട്ടർ സപ്ലൈ സെക്ഷനിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകൾ പ്രകാരം ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | ഒടുക്കിയ തുക |
|---|---|---|---|
| 1 | 22200052 | 27-04-2022 | 53057 |
| 2 | 22200104 | 16-05-2022 | 53057 |
| 3 | 22200198 | 18-06-2022 | 53057 |
| 4 | 22200300 | 25-07-2022 | 53057 |
| 5 | 22200383 | 24-08-2022 | 53057 |
| 6 | 22200493 | 24-09-2022 | 53057 |
| 7 | 22200586 | 21-10-2022 | 53057 |
| 8 | 22200655 | 25-11-2022 | 53057 |
| 9 | 22200718 | 21-12-2022 | 53057 |
| 10 | 22200791 | 20-01-2023 | 53057 |
| 11 | 22200944 | 28-02-2023 | 133458 |
| 12 | 22201053 | 24-03-2023 | 133458 |
| ആകെ | | | 797486 |

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ജലജീവൻ മിഷന്റെ 3657 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. 110 ടാപ്പുകളുടെ ആവശ്യകത ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും വെള്ളക്കരം അടവാക്കുന്ന ടാപ്പുകളെല്ലാം പ്രവർത്തന ക്ഷമമാണെന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തിയിട്ടുണ്ടോയെന്നും സംയുക്ത പരിശോധനാ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുന്ന തിനുമായി 28/15-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത്

25-05-2023 ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 2023 ഒക്ടോബർ മാസം മുതൽ 28 ടാപ്പുകൾ ഒഴിവാക്കി ബാക്കി 82 ടാപ്പുകളുടെ തുകയാണ് ഒടുക്കുന്നതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 05-07-2023 ന് അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മട്ടന്നൂർ ഡിവിഷന് കൂടാളി ഹയർ സെക്കണ്ടറി സ്കൂളിന് സമീപം റോഡിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പ് നിലനിർത്തി ബാക്കിയെല്ലാ വാർഡുകളിലേയും പൊതുടാപ്പുകൾ ഒഴിവാക്കി നൽകുവാൻ അപേക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പൊതുടാപ്പുകളുടെ പ്രവർത്തനക്ഷമത, ഉപയോഗം എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്തതും ഉപയോഗിക്കാത്തതുമായ ടാപ്പുകൾ വിച്ഛേദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 അസാധാരണ ചെലവുകൾ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്(ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). ഗ്രാമപഞ്ചായത്ത് തൻവർഷം ₹65230 (അക്കൌണ്ട് കോഡ് 220710101) ഈ ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവ് സംബന്ധിച്ച രജിസ്റ്റർ, അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിച്ചതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 27/15-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസാധാരണ ചെലവുകൾ ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിച്ചതിന്റെ വിവരം, ചെലവ് സംബന്ധിച്ച രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. അസാധാരണ ചെലവുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്.

## 1-28 തനത് വരുമാനം- അവലോകനം

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള തനത് വരുമാനവർദ്ധനവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

കൂടാളിഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചപ്പോൾ വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാൻറിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുന്നില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

I. വസ്തു നികുതി

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്(ഭരണസമിതി തീരുമാനം നം.2/1/2023 തീയതി 20.07.2023). നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, ടർഫുകൾ, മറ്റ് ചട്ടലംഘനങ്ങൾ എന്നിവ കണ്ടെത്തി ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് തനത് വരുമാനം വർധിപ്പിക്കുന്നതിനും, നിയമലംഘനം തടയുന്നതിനും ഫീൽഡ് പരിശോധനയിൽ പ്രാധാന്യം നല്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

II. അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 764 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയി ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

III. സേവന ഉപനികുതി

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്ക പ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

IV. തൊഴിൽനികുതി .

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും വ്യാപാരികളുടെയും വ്യവസായികളുടെയും അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

V. FTE&OS (Factory, Traders, Enterprenurship & Other Services) ലൈസൻസ്

FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേ ണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19-04-2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം

വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം - സബ്സിഡി മാർഗ്ഗരേഖ, യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് നൽകിയ ₹12200 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |
| പ്രൊജക്റ്റ് നമ്പർ/ പേര് | 179/23, മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം |
| അടങ്കൽ | ₹79300 വികസനഫണ്ട് - ജനറൽ<br>₹79300 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹158600 |
| ചെലവ് | ₹79300 ബിൽ നമ്പർ : 222202520095012545/26-2-2023<br>₹79300 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹158600 |

മേൽ പ്രോജക്റ്റ് പ്രകാരം 244 ഗുണഭോക്താൾക്ക് 5 വീതം മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിന് തിരുവട്ടൂർ ഗ്രീൻ എഗ്ഗർ നഴ്സറിയുടെ ഇൻവോയ്സ് നമ്പർ 74/18-2-2023 പ്രകാരം ആകെ ₹158600 ചെലവഴിച്ചിട്ടുണ്ട്. ₹130 വിലയുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് ഗുണഭോക്താൾക്ക് വിതരണം ചെയ്തിട്ടുള്ളത്. സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28.5.22, ഖണ്ഡിക 6.3.25 പ്രകാരം 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റിന്റെ വില ₹600 ആണ്. ജില്ലാതല സാങ്കേതിക വിദഗ്ദസമിതിയുടെ 23-06-2022 തീയതിയിലെ യോഗതീരുമാനപ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റും ₹600 തന്നെയാണ്. പ്രൊജക്റ്റ് പ്രകാരം 244 ഗുണഭോക്താക്കൾക്കായി 1220 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തപ്പോൾ യൂണിറ്റിന് ₹650 പ്രകാരം ₹12200 അധികം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 13-11-2023 ന് നൽകിയ 11 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, 120 രൂപയുടെ കോഴിക്കുഞ്ഞുങ്ങൾ നിർവ്വഹണ ഘട്ടത്തിൽ ലഭ്യമല്ലാത്തതിനെത്തുടർന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 16-9-2022 ലെ AHD/7604/202/H1 നമ്പർ ഉത്തരവ് പ്രകാരം ₹130 നിരക്കിൽ 5 കോഴിക്കുഞ്ഞുങ്ങളെ ₹650 യ്ക്ക് വിതരണം ചെയ്യേണ്ടും ₹600 വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകാമെന്നിരിക്കെ ഫണ്ടിന്റെ ലഭ്യതക്കുറവുള്ളതിനാൽ 50% സബ്സിഡി നിരക്കിൽ കൂടുതൽ ഗുണഭോക്താക്കളെ (244) ഉൾപ്പെടുത്തി പദ്ധതി നിർവ്വഹിക്കുകയാണ് ചെയ്തതെന്നും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചിട്ടില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് നം. ഡിഎ1/353/23 തീ. 19.10.2023 സർക്കുലർ പ്രകാരം അധിക സബ്സിഡി അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 10 രൂപയുടെ വർദ്ധനവ് ഗുണഭോക്തൃ വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യണമെന്ന് നിഷ്കർഷിച്ചിരിക്കെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ അധികം നൽകിയ ₹12200 യുടെ ചെലവ് അംഗീകരിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖ, യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് നൽകിയ ₹12200 കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 09-11-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1742/2023 തീയ്യതി- 08-12-2023 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 480000 | 2022-23 | 61/23 – ലൈഫ് ഭവന നിർമ്മാണ പദ്ധതി മൂന്നാം ഘട്ടം | 480000 | ഇല്ല |
| 2 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 20000 | 2022-23 | 62/23 – അഗതി രഹിത കേരളം ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മാണം | 20000 | ഇല്ല |
| 3 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 416430 | 2022-23 | 78/23 – ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 416430 | ഇല്ല |
| 4 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 231000 | 2022-23 | 139/23 – നെൽകൃഷി വിത്ത്, കുമ്മായം, കൂലി ചെലവ് | 231000 | ഇല്ല |
| 5 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 574977 | 2022-23 | 165/23 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 574977 | ഇല്ല |
| 6 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 600000 | 2022-23 | 212/23 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (സ്പിൽ ഓവർ) | 600000 | ഇല്ല |
| | ആകെ | 2322407 | | | 2322407 | |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200450 | 2022-23 | 13/23 – സാന്ത്വന ചികിത്സ | 200450 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 595000 | 2022-23 | 62/23 – അഗതി രഹിത കേരളം ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മാണം | 595000 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 220000 | 2022-23 | 63/22 ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി വീഭാഗം) | 220000 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 138810 | 2022-23 | 78/23 – ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പും | 138810 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | ബത്തയും | | |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 88000 | 2022-23 | 165/23 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 88000 | ഇല്ല |
| | ആകെ | 1242260 | | | 1242260 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | വൌച്ചർ/ബിൽ /ചെക്ക് നമ്പർ/ തീയ്യതി | ചെലവഴിച്ച തുക ₹ | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 2/23 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 38435 | 22200661/ 29-11-2022 | തൻവർഷം തുക ചെലവഴിച്ചില്ല | 2023-24ൽ പൂർത്തീകരിച്ചു |
| | | 2258400 | 108/18-11-2022 | | |
| | ആകെ | 2296835 | | | |
| ഭൂജല വകുപ്പ് | 28/23 ടേക്ക് എ ബ്രേക്ക് പാതയോരങ്ങളിൽ പൊതു ശുചിമുറി നിർമ്മാണം (സ്പിൽ ഓവർ) [കുഴൽകിണർ കുഴിക്കലും കുഴൽകിണറിൽ മോട്ടോർ സ്ഥാപിച്ച് കുടിവെള്ള പദ്ധതി നടപ്പാക്കലും] | 74000 | 5560232/ 2-7-2022 | 121297 | പൂർത്തീകരിച്ചു ₹15650 12-1-2023 ന് തിരിച്ചടച്ചു |
| | | 63047 | 5560240/ 8-11-2022 | | |
| | ആകെ | 137047 | | 121297 | |
| പി.ഡബ്ല്യു.ഡി | 98/23 | 141435 | 132/09-12-2022 | തൻവർഷം | 2023-24 ൽ |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ | 485565 | 22200720/ 23-12-2022 | തുക ചെലവഴിച്ചില്ല | പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 627000 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ) | ജി. ഒ. (എം.എസ്) നം.68/ 2018/ ത.സ്വ.ഭ.വ/ 18-5-2018 | 56 | 4536553 | ഇല്ല | 1610107 | - | 2926446 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 291017 |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 291017 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 291017 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക ₹ |
|---|---|
| കനറാ ബാങ്ക്, പട്ടാന്നൂർ ബ്രാഞ്ച് എഫ്.ഡി നമ്പർ 457781/14-2-2022<br>കാലാവധി : 14-2-2024 (24മാസം) | 291017 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹23196 യുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം / | ഈടാക്കിയ | ഒടുക്കിയ ആളുടെ പേര് വിവരം | രശീത് നമ്പർ / |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | | തീയതി |
|---|---|---|---|---|
| 2016-17 | 3-12(1)<br>3-12(3)<br>3-12(5) | 23196 | പി. പി. ശശികുമാർ | 1220102061/25-8-2022 |
| 2017-18 | 3-8<br>3-10(1)<br>3-10(2)<br>3-10(4) | | | |
| | ആകെ | 23196 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2010-11<br>2011-12 | 3-9 | 2012-13 | 3-3-6-8 | ആരോഗ്യമേഖല വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| 2011-12 | ലഭ്യമല്ല | 2012-13 | 3-3-6-19 | പൊതുശൗചാലയം ജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തത് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | 2016-17 | 2.2 അനുബന്ധം 4 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2.6 | 2017-18 | 2.6 അനുബന്ധം 4 | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമയ്ക്കൽ | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 44108704 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 45799037 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 12200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 2329759 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർ ചാർജ് ചെയ്യാവുന്നത് | |

| | | | |
|---|---|---|---|
| 1-12 | - | 12200 | ഡോ. ഐശ്വര്യ. ബി, വെറ്ററിനറി സർജൻ |
| ആകെ | ഇല്ല | 12200 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-13 | 51389 | ഡോ. സോന ബി നായർ, മെഡിക്കൽ ഓഫീസർ PHC |
| 1-14 | 60000 | ശ്രീ. സുധീർ. കെ. പി, സെക്രട്ടറി |
| 1-15 | 100000 | ശ്രീ. സുധീർ. കെ. പി, സെക്രട്ടറി |
| 1-16 | 177000 | ശ്രീ. സുധീർ. കെ. പി, സെക്രട്ടറി |
| 1-17 | 60000 | ശ്രീ. പ്രസാദൻ. കെ. പി, ഹെഡ് മാസ്റ്റർ |
| 1-18 | 627000 | ശ്രീ. സുധീർ. കെ. പി, സെക്രട്ടറി |
| 1-19 | 750000 | ശ്രീ. ശ്രീജിത്ത്. വി. കെ, വി.ഇ.ഒ. കൂടാളി |
| 1-20 | 390000 | ശ്രീ. ശ്രീജിത്ത്. വി. കെ, വി.ഇ.ഒ. കൂടാളി |
| 1-21 | 114370 | ഡോ. സുധീർ എളമ്പിലാൻ, മെഡിക്കൽ ഓഫീസർ GHD |
| ആകെ | 2329759 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുധീർ. കെ. പി, സെക്രട്ടറി | സെക്രട്ടറി, കൂടാളി ഗ്രാമ പഞ്ചായത്ത് | കാരപ്രത്ത് പുത്തൻപുര, കൊളോളം, എടയന്നൂർ-പി.ഒ, കണ്ണൂർ |
| ഡോ. ഐശ്വര്യ. ബി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ കൂടാളി ഗ്രാമ പഞ്ചായത്ത് | ശ്രീരുദ്രം ക്വാർട്ടേർസ് ചോല റോഡ്, നായാട്ടുപാറ, കണ്ണൂർ |
| ഡോ. സുധീർ എളമ്പിലാൻ, മെഡിക്കൽ ഓഫീസർ GHD | മെഡിക്കൽ ഓഫീസർ GHDകൂടാളി ഗ്രാമ പഞ്ചായത്ത് | ജമുന, നെല്ലൂന്നി, മട്ടന്നൂർ-പി.ഒ കണ്ണൂർ |

| | | |
|---|---|---|
| ഡോ. സോന ബി നായർ, മെഡിക്കൽ ഓഫീസർ PHC | മെഡിക്കൽ ഓഫീസർ FHC വളപട്ടണം | അമൻ, ചെട്ടിപ്പീടിക പള്ളിക്കുന്ന്-പി.ഒ, കണ്ണൂർ |
| ശ്രീ. പ്രസാദൻ. കെ. പി, ഹെഡ് മാസ്റ്റർ | റിട്ടയേർഡ് | തണൽ, താറ്റ്യോട് കുടാളി-പി.ഒ, കണ്ണൂർ |
| ശ്രീ. ശ്രീജിത്ത്. വി. കെ, വി.ഇ.ഒ. കൂടാളി | വി.ഇ.ഒ. കൂടാളി | രാംഭവൻ, പോലീസ് നഗർ, കിഴുത്തള്ളി, താഴെചൊവ്വ, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1249/2022 തീയതി 19.09.2022 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1249/2022 തീയതി 19.09.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1249/2022 തീയതി 19.09.2022 | 2 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1249/2022 തീയതി 19.09.2022 | 1 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1249/2022 തീയതി 19.09.2022 | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1249/2022 തീയതി 19.09.2022 | 2 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1249/2022 തീയതി 19.09.2022 | 1 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /952/2022 തീയതി 06.10.2021 | 16 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /953/2022 തീയതി 06.10.2021 | 33 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /232/2022 തീയതി 29.03.2023 | 27 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1/23 dated 11-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Koodali Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koodali Grama Panchayat for the year 2022-2023

Date: 08/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Koodali Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1.The Ratios (kerala Panchayath Raj account rules, 2011- Rule 62 F)mandatory financial statement prescribed in accounting rules is not submitted for audit.

2.Cashflow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Amount given to KSEB for executing deposit works which are unadjusted till date are not shown in B 18 schedule of balance sheet.

4.Documents to verify the correctness of value of assets and depreciations shown in Annual Financial Statement were not produced for verification in audit. Statement from ILGMS does not give a clear picture of calculation.

5.Value of Land of Grama Panchayath is not included in asset side of Balance sheet .

6. Widows Daughters marriage expense is not tallied with Annual Fianancial Statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT - Koodali Grama Panchayat

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 49184025.00 |
| Cash | Cash | RP-40(a) | 92502.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1735160.00 |
| 140000000 | Fees & User Charges | RP-4 | 987491.00 |
| 150000000 | Sale & Hire Charges | RP-5 | 324314.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15603207.00 |
| 171000000 | Interest Earned | RP-9 | 1392646.00 |
| 190000000 | Prior Period Income | RP-11 | 52740.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 939.00 |
| 311000000 | Earmarked Funds | RP-28 | 36164.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14880616.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7456874.00 |
| 460000000 | Loans, Advances and Deposits | RP-49 | 112910.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 450.00 |
| 340000000 | Deposits Received | RP-33 | 135645.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-35 | 1389548.00 |
| | Grand total | | 93385231.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 54829.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 32016.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 9644.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2052552.00 |
| 460000000 | Loans, Advances and Deposits | RP-49 | 1034591.00 |
| | Non Operating | | |
| 330000000 | Secured Loans | RP-31 | 1117893.00 |
| 340000000 | Deposits Received | RP-33 | 120265.00 |
| 350000000 | Other Liabilities | RP-35 | 41377247.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 47473858.00 |
| Cash | Cash | RP-40(b) | 112336.00 |
| | Grand Total | | 93385231.00 |

2. INCOME & EXPENDITURE STATEMENT – Koodali Grama Panchayat

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8814378.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 329033.00 |
| 140000000 | Fee & User Charges | I-4 | 1365913.00 |
| 150000000 | Sale & Hire Charges | I-5 | 332530.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 165773813.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1392453.00 |
| 180000000 | Other Income | I-9 | 450.00 |
| | A. Total Income | | 178008570.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14115483.00 |
| 220000000 | Administrative Expenses | I-11 | 1942677.00 |
| 230000000 | Operations & Maintenance | I-12 | 2414510.00 |
| 240000000 | Interest & Finance Charges | I-13 | 23641.00 |
| 250000000 | Decentralised Plan Programme-Productive Sector/Programme Expenses | I-14 | 9132717.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34533986.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6466148.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 33185524.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 62557600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue | I-14(F) | 424378.00 |

| | | | |
|---|---|---|---|
| | Expenses | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 12351.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 22799873.00 |
| | B. Total Expenditure | | 187608888.00 |
| C=A-B | Gross Surplus / Deficit of income over Expenditure | | -9600318.00 |
| 190000000 | Prior Period Income | I-19 | 62400.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 1850559.00 |
| D | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -1788159.00 |
| E | Gross Surplus / Deficit of income over Expenditure | | -11388477.00 |

3. BALANCE SHEET - Koodali Grama Panchayat

| As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 42185493.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 56995.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 85418505.00 |
| | Total Reserve & Surplus | | 127660993.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8556327.00 |
| | Total Grants, Contributions for Specific Purposes | | 8556327.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 2926446.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 2926446.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 701778.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2511605.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3213383.00 |
| | TOTAL LIABILITIES | | 142357149.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 608143.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3183193.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8196088.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 173100670.00 |

| | | | |
|---|---|---|---|
| | | | |
| 416000000 | Accumulated Depreciation | B-11(a) | -95687697.00 |
| | Total Fixed Assets | | 89400397.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 291017.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 291017.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 66800.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2138331.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 47586194.00 |
| 460000000 | Loans, Advances and Deposits | B-18 | 2874410.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 52665735.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |

| | | | |
|---|---|---|---|
| | | | |
| | TOTAL ASSETS | | 142357149.00 |

DEPUTY DIRECTOR,
KERALA STATE AUDIT DEPARTMENT,
DISTRICT AUDIT OFFICE, KANNUR